## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം
## തിരുവനന്തപുരം.

നമ്പർ.ബി1/33870/2020/സംതിക.,     തീയതി: 30.11.2020

**<u>സർക്കുലർ</u>**

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതു തിരഞ്ഞെടുപ്പ് 2020 - അടയാളപ്പെടുത്തിയ വോട്ടർ പട്ടിക (Marked copy) തയ്യാറാക്കുന്നത് സംബന്ധിച്ച്

1. ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അതാത് സ്ഥാപനങ്ങളിലെ അന്തിമ വോട്ടർപട്ടികയുടെയും സപ്ലിമെന്ററി പട്ടികകളായ കൂട്ടിച്ചേർക്കലുകൾ, തിരുത്തലുകൾ, ഒഴിവാക്കലുകൾ, എന്നിവയുടെയും പ്രിന്റ് എടുത്ത് പാർട്ട് നമ്പർ, പേജുകളുടെ എണ്ണം എന്നിവ ശരിയാണോ എന്ന് ഉറപ്പാക്കണം.
2. അന്തിമ വോട്ടർപട്ടികയിലെ ഓരോ ഭാഗത്തിലെയും വോട്ടർമാരുടെ ക്രമനമ്പർ തുടർച്ചയായിട്ടുള്ളതാണെന്നും എല്ലാ വോട്ടർമാരെ സംബന്ധിച്ചുള്ള ഉൾക്കുറിപ്പുകളും വന്നിട്ടുണ്ടെന്നും ഉറപ്പാക്കണം.
3. വോട്ടർപട്ടികയിലെ ആമുഖ പേജിൽ പുരുഷൻമാർ, സ്ത്രീകൾ, ട്രാൻസ് ജെന്ററുകൾ എന്നിവരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുള്ളത് ശരിയാണെന്ന് ഉറപ്പാക്കണം.
4. അതോടൊപ്പം ആമുഖ പേജിൽ രേഖപ്പെടുത്തിയിട്ടുള്ള പോളിംഗ് സ്റ്റേഷൻ, ബ്ലോക്ക് ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡലങ്ങൾ എന്നിവയും അവയിലെ സംവരണവും ശരിയാണെന്നും ഉറപ്പാക്കേണ്ടതാണ്.
5. ഒഴിവാക്കലുകൾ പട്ടികയിലുള്ള വോട്ടർമാരുടെ വിവരം ഉൾക്കൊള്ളുന്ന അടിസ്ഥാന പട്ടികയിലെ കോളത്തിൽ **Deleted** എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ തിരുത്തലുകൾ പട്ടികയിൽ വന്നിട്ടുള്ളവരെ ‘C’ എന്നും രേഖപ്പെടുത്തേണ്ടതാണ്.
6. അടയാളപ്പെടുത്തിയ വോട്ടർപട്ടികയിലെ എല്ലാ പേജുകളിലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ കയ്യൊപ്പോ ഒപ്പുസീലോ പതിച്ചിരിക്കേണ്ടതാണ്.
7. മേൽപ്പറഞ്ഞ നടപടി ക്രമങ്ങൾ പാലിച്ച് അടിസ്ഥാനപട്ടികയുടെയും സപ്ലിമെന്ററി പട്ടികയുടെയും 5 പകർപ്പുകൾ വീതം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ